പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2431 — 01-04-2013 - ൽ മറുപടിയ്ക്ക്

കൂട്ടിൽമുക്ക്, പൈങ്കുളം,കൊടപ്പാറക്കയം തടയണകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയ്ക്കു കുറുകെ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിരുന്ന കൂട്ടിൽമുക്ക്, പൈങ്കുളം കൊടപ്പാറക്കയം തടയണകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) ചേലക്കര നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകേ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ച കൂട്ടിൽമുക്ക്, പൈങ്കുളം, കൊടപ്പാറക്കയം എന്നീ തടയണകളുടെ ഒന്നിന്റെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൂട്ടിൽമുക്ക് തടയണയുടെ 'ടെൻഡർ എക്സസ്' പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പൈങ്കുളത്തെ തടയണയുടെ പുതുക്കിയ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുമായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൊടപ്പാറക്കയം തടയണ നിർമ്മിക്കുന്നതിന്റെ പുതുക്കിയ ലൊക്കേഷനിൽ ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റേയും നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ ; | |
| (സി) ഇവയിലേതെങ്കിലും തടയണയുടെ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും എത്ര കാലമായി അവ തടസ്സപ്പെട്ടു കിടക്കുന്നുവെന്നും അറിയിക്കുമോ ; | (സി) ഭരണാനുമതി ലഭിച്ചതിനുശേഷം പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും തുടർന്ന് വിശദമായ രൂപകൽപന തയ്യാറാക്കുന്നതിനും വേണ്ട കാലയളവ് പണികൾ തടസ്സപ്പെടാൻ കാരണമായിട്ടുണ്ട്. നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വന്നതും ഇതിനൊരു കാരണമാണ്. |
| (ഡി) പ്രസ്തുത തടയണകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.